(ഡി) വ്യാജ സർട്ടിഫിക്കറ്റ് നൽകി ഉദ്യോഗം നേടിയ പ്രസ്തുത വ്യക്തിയെ പിരിച്ചുവിടുമോ;

(ഇ) വ്യാജ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകിയ ബാങ്ക് അധികാരികളുടെമേൽ എന്ത് നടപടിയെടുത്തുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അപേക്ഷ ക്ഷണിച്ചിരുന്നു. ആകെ 17 പേർ അപേക്ഷിച്ചിരുന്നു.

(ബി) ശ്രീ. എം. ജി. ജയകുമാർ എന്ന അപേക്ഷകനെ നിയമിച്ചു.

(സി) ശ്രീ. എം. ജി. ജയകുമാർ 24-6-1996-ൽ 112628-ാം നമ്പർ ശുദ്ധിപത്ര പ്രകാരം അതേ പേരിൽതന്നെ ചേരമൻ ക്രിസ്ത്യൻ സമുദായത്തിൽനിന്നും ഹിന്ദുമതം സ്വീകരിച്ചു ഹിന്ദുവായി മതപരിവർത്തനം ചെയ്ത ആളാണ്. പ്രസ്തുത വിവരം 11-5-1999-ൽ കേരള ഗസറ്റ് പാർട്ട് (4)-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. കേരള ഹിന്ദു മിഷൻ സെക്രട്ടറിയാണ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. ടി സെക്രട്ടറി നൽകിയ സർട്ടിഫിക്കറ്റിൽ പൂജാരികൂടി ഒപ്പിട്ടിട്ടുണ്ട്. ക്ഷേത്രം പൂജാരി പ്രത്യേകം സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

(ഡി ആന്റ് ഇ) വ്യാജ സർട്ടിഫിക്കറ്റ് നൽകിയതായി തെളിഞ്ഞിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനവും നഷ്ടവും

143 [22.70] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമേഴ്സ് ഫെഡറേഷന്റെ ഏറ്റവും ഒടുവിൽ കണക്കാക്കപ്പെട്ട പ്രവർത്തന നഷ്ടം എത്രയാണ്;

(ബി) ഫെഡറേഷന്റെ പെയ്ഡ് അപ് ഷെയർ ക്യാപിറ്റൽ എത്ര; സർക്കാർ ഓഹരി മൂലധനം എത്ര എന്ന് വെളിപ്പെടുത്തുമോ;

(സി) കൺസ്യൂമർ ഫെഡറേഷൻ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) മദ്യ വിപണനത്തിൽ 2004 ജൂൺ 30 വരെ മൊത്തം എത്ര കോടി ലാഭം ഉണ്ടായിട്ടുണ്ട്; ഏറ്റവും ഒടുവിലത്തെ ഓഡിറ്റ് പ്രകാരം കണക്കാക്കപ്പെട്ട ലാഭമോ നഷ്ടമോ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2003-2004-ലെ താൽക്കാലിക കടധന പട്ടിക പ്രകാരം ഫെഡറേഷന്റെ സഞ്ചിത നഷ്ടം 2510.07 ലക്ഷം രൂപയാണ്.

(ബി) പെയ്ഡ് അപ് ഷെയർ ക്യാപിറ്റൽ 2987.49 ലക്ഷം രൂപയാണ്. അതിൽ സർക്കാർ ഓഹരി മൂലധനം 2922.66 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, പാചകവാതക വിതരണം, വിദേശ മദ്യ വ്യാപാരം, നോട്ടുബുക്കുകൾ, കമ്പ്യൂട്ടർ സ്റ്റേഷനറി വിതരണം, സ്വന്തമായി നിർമ്മിച്ച കറിപ്പൊടി, മസാല എന്നിവയുടെ വില്പന തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(ഡി) ലാഭം ഉണ്ടായിട്ടില്ല. ഏറ്റവും ഒടുവിലത്തെ ഓഡിറ്റ് (1997-98) പ്രകാരം സഞ്ചിത നഷ്ടം 258.92 ലക്ഷം രൂപയാണ്.

കൺസ്യൂമർ ഫെഡിന്റെ വിദേശമദ്യവ്യാപാരം

144 [2271] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന് വിദേശമദ്യം വാങ്ങുന്നതിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ലഭിച്ച അധിക വരുമാനം എത്രവീതമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒരു കെയ്സിന് ആവറേജ് എത്രരൂപാ പ്രകാരം ഇൻസെന്റീവ് തുക ലഭിച്ചു;

(സി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കൺസ്യൂമർഫെഡ് എത്ര കെയ്സ് മദ്യങ്ങൾ വിറ്റഴിച്ചു എന്ന് അറിയിക്കുമോ;

(ഡി) കൺസ്യൂമർ ഫെഡിന്റെ വിദേശമദ്യ ഔട്ട്ലെറ്റുകളിൽ വിൽക്കാൻ കഴിയാതെ വരികയും കേടാവുകയും ചെയ്ത ഇനത്തിൽ കൺസ്യൂമർഫെഡിന് കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നഷ്ടപ്പെട്ട തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)	2001-2002	..	10,45,994 രൂപ
	2002-2003	..	71,74,128 രൂപ
	2003-2004	..	83,55,347 രൂപ
(ബി)	2001-2002	..	0.56 രൂപ
	2002-2003	..	5.63 രൂപ
	2003-2004	..	5.88 രൂപ
(സി)	2001-2002	..	9,43,714 രൂപ
	2002-2003	..	11,36,431 രൂപ
	2003-2004	..	12,80,829 രൂപ

(ഡി) ഈ ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly